# ദിലീപിൻെറ തിയേറ്ററിലെ കവർച്ച: ത്രിപുര സ്വദേശി അറസ്റ്റിൽ

**ചാലക്കുടി:** നടൻ ദിലിപിൻെറ സിനിമാ തിയേറ്ററായ ഡി സിനിമാസ് മറംപ്ലക്സിൽനിന്ന് ഏഴു ലക്ഷം രൂപ കവർന്ന കേസിൽ ത്രിപുര സ്വദേശി അറസ്റ്റിലായി. കോവൈ ജില്ലയിൽ തേലിയാമുറ, മഹാറാണിപുർ ഗ്രാമത്തിലെ മിത്തൻ സഹാജി (26) യാണ് അറസ്റ്റിലായത്. ഇയാറം തിയേറ്ററിലെ ശുചീകരണത്തൊഴിലാളിയായിരുന്നു. ത്രിപുരയിലെ ബംഗ്ലാദേശ് അതിർത്തിഗ്രാമത്തിൽനിന്നാണ് ഇയാളെ പിടികൂടിയത്.



ചാലക്കുടിയിലെ ഡി സിനിമാസിൽ കവർച്ച നടത്തിയ തൊഴിലാളിയെ തെളിവെടുപ്പിനായി കൊണ്ടുവന്നപ്പോൾ. തിയേറ്റർ ഉടമ ദിലിപിനെയും കാണാം

പ്രത്യേക അന്വേഷണസംഘത്തിലെ എസ്.ഐ. കെ.ഡി. ലോനപ്പനും സംഘവും ത്രിപുര പോലീസിൻെറ സഹായത്തോടെയാണ് ഇയാളെ അറസ്റ്റ് ചെയ്തത്. ഓഗസ്റ്റ് 28 നായിരുന്നു മോഷണം നടന്നത്.

മോഷണം നടന്ന ദിവസം അവസാന ഷോ കഴിഞ്ഞ് ജോലിചെയ്തശേഷം പുലർച്ചെ രണ്ടിന് പോകുമ്പോറം വാതിലിൻെറ കുറ്റി പൂട്ടാതെയിട്ടു. താമസസ്ഥലത്ത് പോയശേഷം തിരികെയെത്തി. തിയേറ്ററിൻെറ മതിൽ ചാടി അകത്തുകടന്ന് ഓഫീസിൻെറ പൂട്ടുകറം തകർത്ത് പണം കവർന്നതെന്ന് പോലീസ് പറഞ്ഞു. തുടർന്ന് ആലുവയിലെത്തി തീവണ്ടിയിൽ ചെന്നൈയിലേക്ക് കടന്നു. കൂടെ ജോലിചെയ്ത ഇതരസംസ്ഥാനക്കാരെ ചോദ്യം ചെയ്തതിൽനിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പോലീസ് പിന്തുടർന്ന് പിടികൂടിയത്. ചെന്നൈയിലെ ഹോട്ടലിൽ ജോലിചെയ്യുന്നുണ്ടെന്ന വിവരം ലഭിച്ച് പോലീസ് എത്തിയപ്പോഴേക്കും ഇയാറം നാട്ടിലേക്ക് കടന്നു. നാട്ടിലെത്തിയ ശേഷം കാമുകിയെ വിവാഹം കഴിച്ചതായും പോലീസ് അറിയിച്ചു.

ഇയാളെ തെളിവെടുപ്പിനായി ചൊവ്വാഴ്ച തിയേറ്ററിൽ കൊണ്ടുവന്നു. തെളിവെടുപ്പു കാണാൻ നടൻ ദിലിപും എത്തിയിരുന്നു. അതോടെ ആരാധകരും തടിച്ചുകൂടി. മോഷണമുതലിൽപ്പെട്ട 1,35,000 രൂപ പോലീസ് ഇയാളിൽനിന്ന് കണ്ടെടുത്തു.

## മോഷണം: കാമുകിയെ സ്വന്തമാക്കാൻ

**ചാലക്കുടി:** കാമുകിയെ സ്വന്തമാക്കാനാണ് ഡി സിനിമാസിൽനിന്ന് മിത്തൻസഹാജി പണം മോഷ്ടിച്ചതെന്ന് അന്വേഷണ ഉദ്യോഗസ്ഥർ പറഞ്ഞു. മോഷണമുതൽ ഉപയോഗിച്ച് കച്ചവടം തുടങ്ങാനും വീട് വാങ്ങി താമസിക്കുന്നതിനുമായിരുന്നു പദ്ധതി. വിവാഹത്തിനും ആഘോഷത്തിനുമായി ധാരാളം പണം ധൂർത്തടിച്ചതായി ഇയാറം വെളിപ്പെടുത്തി. മദ്യപിച്ചും ചൂത് കളിച്ചും ധാരാളം പണം ധൂർത്തടിച്ചു. ആറു വർഷം മുമ്പ് പ്രണയിച്ച് വേറൊരു യുവതിയെ വിവാഹം കഴിച്ചെങ്കിലും ആ ബന്ധം അധികനാറം നീണ്ടു നിന്നില്ല.